| വർഷം | അനുവദിച്ച തുക (കോടി രൂപയിൽ) |
|---|---|
| 2010-11 | 144.270 |
| 2011-12 | 200.000 |
| 2012-13 | 0.000 |
| 2013-14 | 0.000 |
| 2014-15 | 150.000 |
| 2015-16 | 54.749 |

ഓരോ ജില്ലയിലെ പ്രവൃത്തികൾക്ക് ചെലവഴിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എം.ജി.എസ്.വൈ. പ്രകാരം പൂർത്തിയാക്കിയതും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ തുക പൂർണ്ണമായും നൽകുവാൻ കഴിഞ്ഞിട്ടില്ല. 2015 ജൂൺ 15 മുതൽ നാളിതുവരെയുള്ള തുക കുടിശ്ശികയായി നൽകുവാനുണ്ട്.

(സി) പി.എം.ജി.എസ്.വൈ. പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കേണ്ട കാലയളവ് കരാർ ഉറപ്പിച്ച തീയതി മുതൽ 12 മാസമാണ്.

**പി.എം.ജി.എസ്.വൈ.**

11 (1482) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. എം. ജി. എസ്.വൈ. പ്രകാരം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം നൽകുമോ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏതെല്ലാം ഘട്ടത്തിലാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി. എസ്.വൈ പദ്ധതിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ മൂന്ന് റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

1. കടന്നപ്പള്ളി കിഴക്കേക്കര-കച്ചേരിക്കടവ് റോഡ്-കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണാനുമതി തുക-105.13 ലക്ഷം (93.60 ലക്ഷം-നിർമ്മാണം, 11.53 ലക്ഷം മെയിന്റനൻസ്) പ്രവൃത്തി പൂർത്തീകരിച്ച കിലോമീറ്റർ ദൂരം 20.620 കി.മീ.

2. പറവൂർ കോയിപ്ര റോഡ്-കടന്നപ്പള്ളി പാണപ്പുഴ റോഡ്-എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണാനുമതി തുക 153 ലക്ഷം-നിർമ്മാണം, 16.06 ലക്ഷം-മെയിന്റനൻസ് ആകെ 169.06 ലക്ഷം പ്രവൃത്തി പൂർത്തീകരിച്ച കിലോമീറ്റർ ദൂരം 3.650 കി.മീ.

3. പാണപ്പുഴ-പാണപ്പുഴച്ചാൽ റോഡ് ഭരണാനുമതി തുക-205.08 ലക്ഷം -നിർമ്മാണം, പ്രവൃത്തി പൂർത്തീകരിച്ച കിലോമീറ്റർ ദൂരം -2.01 കി.മീ. ഫോർമേഷനും സിഡി പ്രവൃത്തിയും ഉടങ്ങി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പ് മുഖേന കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

**പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കീഴിൽ മട്ടന്നൂരിലെ റോഡുകൾ**

12 (1483) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൻ കീഴിൽ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെല്ലാം റോഡുകൾക്കാണ് 2011-12, 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചതെന്നും ഓരോ റോഡിനും എത്ര തുക വീതമാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പ്രസ്തുത വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച മേൽ പറഞ്ഞ റോഡുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ?